**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 10 08.02.2016-ന് മറുപടി നൽകേണ്ടത്

## കേന്ദ്ര അവഗണന

**ചോദ്യം** **ഉത്തരം**

ശ്രീ. സി.കൃഷ്ണൻ ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ കേന്ദ്ര ഗവൺമെന്റിന് വിവിധ ഘട്ട ങ്ങളിലായി സമർപ്പിച്ച നിവേദന ങ്ങളിലെ എന്തെല്ലാം ആവശ്യങ്ങ ളാണിപ്പോഴും പരിഗണിക്ക പ്പെടാതെ അവശേഷിക്കുന്ന തെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനം മുന്നോട്ടുവച്ച എല്ലാ ആവശ്യങ്ങളും കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | പ്രധാനമന്ത്രി സംസ്ഥാനത്ത് രണ്ട് ദിവസം ഉണ്ടായിരുന്ന പ്പോൾ ഇവയിൽ ഏതെങ്കിലും പ്രശ്നത്തിൽ വീണ്ടും നിവേദനം നൽകി വിശദമായി സംസാരിച്ച് ബോധ്യപ്പെടുത്താനോ നേടിയെടു ക്കാനോ സാധ്യമായിട്ടുണ്ടോ; | (ബി) | 2015 ഡിസംബർ 14, 15 തീയതികളിലാണ് പ്രധാനമന്ത്രി കേരളത്തിലുണ്ടായിരുന്നത്. 15-ാം തീയതി വൈകുന്നേരം 5.20 മുതൽ 5.40 വരെയുള്ള സമയത്തിലാണ് മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും തിരുവനന്തപുരത്ത് വച്ച് പ്രധാനമന്ത്രി യുമായി കൂടിക്കാഴ്ച നടത്തിയത്. കേരളത്തിന്റെ പൊതുവായ ആവശ്യങ്ങൾ മുഖ്യമന്ത്രി നിവേദനത്തിലൂടെ പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. അവ ചുവടെ ചേർക്കുന്നു.<br>1. മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട വിഷയങ്ങൾ<br>2. കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ അന്തിമ നോട്ടിഫിക്കേഷൻ സംബന്ധിച്ച് വിഷയങ്ങൾ<br>3. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാ പിക്കൽ<br>4. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ<br>5. സംസ്ഥാനത്തേയ്ക്കുള്ള ഭക്ഷ്യധാന്യ ലഭ്യത 14.25 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 16.25 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുക<br>6. 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കു മ്പോൾ അനാഥരുടെയും സാമൂഹ്യക്ഷേമ സ്ഥാപനങ്ങ ളുടെയും താത്പര്യം സംരക്ഷിക്കുക<br>7. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി<br>8. കേരളത്തിലെ സബർബൻ റയിൽവേ<br>9. വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുനരധിവാസത്തിന് സാമ്പത്തിക സഹായം<br>10. കേരളത്തിൽ എയിംസ് (AIIMS) അനുവദിക്കുക<br>11. നിലമ്പൂർ-നഞ്ചംകോട് റെയിൽവേ ലൈൻ<br>12. തിരുവനന്തപുരത്തുള്ള ആർ.സി.സി.യെ നാഷണൽ കാൻസർ സെന്ററായി ഉയർത്തുക<br>13. മലബാർ കാൻസർ സെന്ററിനെ റീജിയണൽ കാൻസർ സെന്ററായി ഉയർത്തുക |

| | | | |
|---|---|---|---|
| | | | 14. കേരളത്തിൽ 'എയർ കേരള എക്സ്പ്രസ്' നടത്തിപ്പ് സംബന്ധിച്ച്<br>15. ഗൾഫ് സെക്ടറിലേയ്ക്കുള്ള യാത്രാക്കൂലിയുടെ നിയന്ത്രണം.<br>16. പാലോട് JNTBGRI കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച്<br>17. എൽ.എൻ.ജി. യ്ക്കു വേണ്ടി ഗെയിലിന്റെ പൈപ്പിടൽ സംബന്ധിച്ച്<br>ഇപ്രകാരം നിവേദനം നൽകി വിവരം ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | നിരന്തരമായുള്ള കേന്ദ്ര അവഗണന, സംസ്ഥാനത്തിന്റെ വികസനത്തെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു? | (സി) | സംസ്ഥാനത്തിന്റെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ മുമ്പാകെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ തലത്തിൽ നടന്നുവരുന്നത്. പ്രധാനപ്പെട്ട എല്ലാ ആവശ്യങ്ങളോടും അനുകൂലമായ നിലപാടാണ് കേന്ദ്ര സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളത്. |

-•-  -•-

സെക്ഷൻ ഓഫീസർ